**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **26-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിലെ വെള്ളക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിൽ വെള്ളക്കെട്ട് കാരണം പ്രയാസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | വെള്ളക്കെട്ട് ഒഴിവാക്കി പ്രസ്തുത ഭാഗങ്ങൾ ഗതാഗതയോഗ്യമാക്കുന്നതിനായി 'ഓവുചാൽ നിർമ്മാണം- ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ 0/750 – 1/000', 'ഓവുചാലും കൈവരി നിർമ്മാണവും - ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ 0/000 –0/300', 'ഓവുചാൽ നിർമ്മാണം - ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ 0/400 – 0/720' എന്നീ പ്രവൃത്തികൾക്കായുള്ള 15 ലക്ഷം രൂപയുടെ 3 എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായി പരിഗണിക്കുന്നുണ്ട്. |
| (സി) | വെള്ളക്കെട്ട് ഒഴിവാക്കുന്ന വിധത്തിൽ, റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോയെന്നറിയിക്കാമോ; | (സി) | പ്രത്യേക നിർദ്ദേശങ്ങൾ ഇല്ല. |
| (ഡി) | നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. |
| (ഇ) | ഡ്രെയിനേജ്, കൾവേർട് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ? | (ഇ) | പ്രത്യേക നിർദ്ദേശങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ